**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 52** **30-01-2024 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അന്താരാഷ്ട്ര മാരിടൈം ഓർഗനൈസേഷൻ അനുശാസിക്കുന്ന ഐ.എസ്.പി.എസ്. കോഡ് ലഭ്യമായിട്ടുള്ള തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള 4 നോൺ മേജർ തുറമുഖങ്ങൾക്ക് ഐ.എസ്.പി.എസ് കോഡ് അംഗീകാരം ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നടപ്പിലാകുന്നതോടുകൂടി ഇവിടങ്ങളിൽ കൂടുതൽ കാർഗോ-യാത്രാ കപ്പലുകൾ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ തുറമുഖങ്ങൾ ആഴം<br><br>കൂട്ടി അഡീഷണൽ ബർത്തുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് കേരള മാരിടൈം ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ തുറമുഖങ്ങളുടെ സമഗ്രവികസനത്തിനായുള്ള പ്രവർത്തന ങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>അഴീക്കൽ</u><br><br>തുറമുഖത്തിന്റെ ഗേറ്റ്, ഗേറ്റ് ഹൗസ് മറ്റ് അനുബന്ധ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഷിപ്പിംഗ് ഓപ്പറേഷന്റെ ഭാഗമായി വരുന്ന ചരക്ക് കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനും കസ്റ്റംസ് & ഇ.ഡി.ഐ എന്നീ സൗകര്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും തുറമുഖവാർഫിൽ വാച്ച് ടവർ സ്ഥാപിക്കുന്ന പ്രവൃത്തിക്കുമുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.<br><br><u>ബേപ്പൂർ</u> |

| | | | |
|---|---|---|---|
| | | | ബേപ്പൂർ കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം വർദ്ധിപ്പിക്കുന്നതിനും അഡീഷണൽ ബെർത്ത് സ്ഥാപിക്കു ന്നതിനുമായുള്ള 150 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br><u>കൊല്ലം</u><br><br>കപ്പലുകളുടെ സുഗമമായ ബർത്തിംഗിന് തുറമുഖ വാർഫിൽ 51 മറൈൻ ആർച്ച് ഫെൻഡറുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതിയ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗു കളുടെയും കെ.ഐ.വി ബിൽഡിംഗിന്റേയും പണി പൂർത്തിയായിട്ടുണ്ട്. കൊല്ലം തുറമുഖത്തിന്റെ ആഴം കൂട്ടുന്നതിനായുള്ള ഡ്രെഡ്ജിങ് പ്രവർത്തനങ്ങൾക്കും അഡീഷണൽ വാർഫ് നിർമിക്കുന്നതിനുമായുള്ള പദ്ധതിയും കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br><u>വിഴിഞ്ഞം</u><br><br>വിഴിഞ്ഞം തുറമുഖത്ത് അന്താരാഷ്ട്ര ക്രൂചേഞ്ചിംഗ്, മാലി ദ്വീപിലേക്കുള്ള ചരക്ക്ഗതാഗതം എന്നിവ പുനരാരംഭിക്കുന്ന തിന്റെ ഭാഗമായി 50 മീറ്റർ വാർഫ് എക്സ്റ്റൻഷൻ, ട്രാൻസിറ്റ് ഷെഡിൽ അറ്റകുറ്റപ്പണികൾ, ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ, ഡ്രഡ്ജിംഗ് എന്നിവയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അന്താരാഷ്ട്ര കപ്പൽ ഗതാഗതം സുഗമമാക്കുന്നതിനായി കൊല്ലം തുറമുഖത്തിന് ഇമിഗ്രേഷൻ ചെക്ക് പോയിന്റ് സ്റ്റാറ്റസ് നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഈ വിഷയത്തിൽ ബഹു മുഖ്യമന്ത്രി ബഹു പ്രധാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനും, ഷിപ്പിംഗ് മന്ത്രാലയത്തിനും കത്തയച്ചിട്ടുണ്ട്. അതിൻ പ്രകാരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം ചൂണ്ടിക്കാട്ടിയ എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് പൂർത്തീകരണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| (സി) | നോൺ മേജർ തുറമുഖങ്ങളുടെ പരിധിയിൽ വരുന്ന ഭൂമിയും മറ്റ് ആസ്തികളും വരുമാനദായകമായ രീതിയിൽ ഉപയോഗപ്രദമാക്കുന്നതിന് പദ്ധതി തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകൾ അളന്നു തിട്ടപ്പെടുത്തി അതിർത്തികൾ രേഖപ്പെടുത്തുവാൻ കേരള മാരിടൈം ബോർഡിന് കീഴിൽ ലാൻഡ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സർവ്വെ കഴിയുന്ന മുറയ്ക്ക് അതാത് ഭൂമികളിന്മേലും മറ്റ് ആസ്തികളിന്മേലും താത്പര്യപത്രം ക്ഷണിച്ചുകൊണ്ട് വിവിധതരം ടൂറിസം പദ്ധതികളും സമുദ്രാധിഷ്ഠിത വ്യവസായങ്ങളും പി.പി.പി. മാതൃകയിൽ നടത്തത്തക്ക |

| | | | |
|---|---|---|---|
| | | | തരത്തിൽ ഫലപ്രദമായി വിനിയോഗിച്ച് വികസനം നടപ്പിലാക്കുക എന്നതാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ